33 (346) ട്രഷറി പണമിടപാടുകൾ നടത്തുന്നതിന്റെ കമ്മീഷൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഇ.എം. അഗസ്തി :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി പണമിടപാടുകൾ നടത്തുന്നതിന്റെ കമ്മീഷനായി പ്രതി വർഷം എത്ര തുകയാണ് ബാങ്കുകൾക്ക് നൽകേണ്ടതായി വരുന്നത്;

(ബി) ഏതെല്ലാം ബാങ്കുകൾക്കാണ് ഈ തുക നൽകുന്നത്;

(സി) ഈ ഇനത്തിൽ ബാങ്കുകൾക്ക് നൽകുന്ന കമ്മീഷൻ എത്ര ശത മാനമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രഷറി പണമിടപാടുകൾ ബാങ്കുകൾ വഴി നൽകുന്നതുകൊ ണ്ടുള്ള ഗുണവശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ട്രഷറി പണമിടപാടുകൾ നടത്തുന്നതിന് ബാങ്കുകൾക്ക് നൽകുന്ന കമ്മീഷൻ ചെലവ് റിസർവ് ബാങ്കാണ് വഹിക്കുന്നത്. 1997-98 കാല യളവിൽ 16.22 കോടി രൂപയും, 1998-99 കാലയളവിൽ 18.97 കോടി രൂപയും ഏജൻസി ബാങ്കുകൾക്ക് കമ്മീഷനായി റിസർവ് ബാങ്ക് നൽകിയിട്ടുണ്ട്.

(ബി) കേരള സർക്കാർ ട്രഷറികളെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമാണ് ഏജൻസി ബാങ്കുകളായി പ്രവർത്തിക്കുന്നത്

(സി) ഈ ഇനത്തിൽ ബാങ്കുകൾക്ക് നൽകുന്ന കമ്മീഷൻ 1/16 ശത മാനമാണ്.

(ഡി) ട്രഷറി പണമിടപാടുകൾ ബാങ്കുകൾ വഴി നൽകുന്നതുകൊണ്ട് "കറൻസി ചെസ്റ്റ്" തുറന്നു പ്രവർത്തിക്കുന്നതിനുള്ള ചെലവ് ലാഭിക്കാവുന്ന താണ്. പണമിടപാടുകൾക്കുള്ള തിരക്ക് ട്രഷറികളിൽ ഒഴിവാക്കുന്നതാണ്.

34 (347) സെയിൽസ് ടാക്സ് വർദ്ധിപ്പിച്ചതുമൂലം ചെറുകിട വ്യവസായങ്ങൾക്ക് അടച്ചു പൂട്ടൽ ഭീഷണി

ശ്രീമതി. റോസമ്മ ചാക്കോ :

ശ്രീ. എം. മുരളി :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന സെയിൽസ് ടാക്സ് ഇളവ് പിൻവലിച്ചതും നികുതിനിരക്ക് വർദ്ധിപ്പിച്ചതും മൂലം ചെറുകിട വ്യവസായങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കാര്യം ഗവൺമെന്റിനറിവുണ്ടോ;

(ബി) ഖാദിഗ്രാമവ്യവസായ ബോർഡിന്റെ ധനസഹായത്തിൽ പ്രവർത്തിക്കുന്ന റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ

LIBRARY ARCHIVES Kerala Legislative Assembly